## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7216** — **3.11.2011-ൽ മറുപടിക്ക്.**

### പുരാവസ്തുക്കൾ ഏറ്റെടുത്ത് സംരക്ഷിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. ഉബൈദുള്ള** | **ശ്രീ. കെ.സി. ജോസഫ്**<br>**(ബഹു:** ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക **കാര്യവും വകുപ്പ് മന്ത്രി)** |
| (എ) കോടികൾ വിലമതിക്കുന്ന നിധികളും സ്വർണ്ണനാണയങ്ങളും മറ്റ് ശേഷിപ്പുകളും ട്രഷറികളിലും റവന്യൂ ഓഫീസുകളിലും കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) കൃത്യമായ മൂല്യനിർണ്ണയവും പഠനവും നടത്താതെ സൂക്ഷിച്ചിരിക്കുന്ന പ്രസ്തുത വസ്തുക്കളെക്കുറിച്ച് പുരാവസ്തു വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ;<br>(സി) എങ്കിൽ വിശദാംശം നൽകുമോ; സർക്കാരിന്റെ പക്കൽ ആയത് സംബന്ധിച്ച എന്തെങ്കിലും കണക്കുകൾ ലഭ്യമാണോ; | (ബി) (സി) എല്ലാ നിധികളുടെയും ഡോക്കുമെന്റേഷനും കാറ്റലോഗിംഗ് മുതലായവയും പൂർത്തിയായിട്ടില്ല. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) ട്രഷർ ട്രോവ് ആക്ട് പ്രകാരം 100 വർഷത്തിലേറെ പഴക്കമുള്ളവയും പുരാവസ്തുമൂല്യമുള്ളവയും ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ടോ; വ്യക്തമാക്കുമോ? | (ഡി) ട്രഷർ ട്രോവ് ആക്റ്റ് പ്രകാരം 100 വർഷത്തിലേറെ പഴക്കമുള്ളവയും പുരാവസ്തു മൂല്യമുള്ളവയും മൂല്യം നിർണ്ണയിച്ച് അവകാശികളുണ്ടെങ്കിൽ അവർക്ക് നിയമാനുസൃതമായ പ്രതിഫലം നൽകി ഏറ്റെടുക്കാവുന്നതാണ്. |

(ഇ) ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പുരാവസ്തു കണക്കെടുപ്പ് അടുത്ത് നടക്കാനിരിക്കെ ഇത്തരം വിലപിടിപ്പുള്ള ശേഖരങ്ങൾ കണക്കെടുപ്പ് നടത്തി പുരാവസ്തു വകുപ്പിന് കൈമാറുന്നതിന് ബന്ധപ്പെട്ട ഓഫീസർമാർക്ക് നിർദ്ദേശം നൽകുമോ?

(ഇ) പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.